Page 1 of 2

## കേരള തദ്ദേശസ്വയംഭരണ സേവന പ്രദാന പദ്ധതി

10 (*700) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എളമരം കരീം:
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള തദ്ദേശസ്വയംഭരണ സേവന പ്രദാന പദ്ധതി (കെ.എൽ.ജി. എസ്.ഡി.പി.)-യുടെ അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ കാര്യനിർവ്വഹണ-ഭരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലഭ്യമാക്കുന്ന സേവനങ്ങൾക്ക് സ്ഥായിയായ നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിനും പദ്ധതി നടത്തിപ്പ് സഹായകരമായോയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിക്ക് അനുവദിക്കപ്പെട്ട തുക നാമമാത്രമായി മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂവെന്ന കാര്യം അപ്രോപ്രിയേഷൻ അക്കൗണ്ട്സിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഗൗരവപൂർവ്വം പരിശോധിക്കുമോ ;

(ഡി) പദ്ധതി പണം ചെലവഴിക്കപ്പെടാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) കേരള തദ്ദേശസ്വയംഭരണ സേവന പ്രദാന പദ്ധതി (കെ.എൽ.ജി. എസ്.ഡി.പി) യുടെ നിർവ്വഹണ മേൽനോട്ടത്തിനായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പദ്ധതിയുടെ അവലോകനം നടത്താറുണ്ട്. അത് കൂടാതെ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ കൂടി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. അതോടൊപ്പം എല്ലാ ആഴ്ചകളിലും കൂടാറുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗങ്ങളിലും കെ.എൽ.ജി.എസ്.ഡി.പി. ഉൾപ്പെടെയുള്ള വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് അവലോകനം നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി നടത്തിപ്പ് പുരോഗതി പ്രാപിച്ചുവരുന്നു. കാര്യനിർവ്വഹണ ഭരണ സംവിധാനങ്ങൾ ശക്തിപ്പെടുമെന്നും ലഭ്യമാക്കുന്ന സേവനങ്ങൾക്ക് സ്ഥായിയായ നിലനിൽപ്പ് ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

(സി) ഈ പദ്ധതിക്ക് അനുവദിക്കപ്പെട്ട തുക നാളിതുവരെ ഗണ്യമായി ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. പ്രോജക്ട് രൂപീകൃതമായ 2011 മുതൽ 31-3-2014 വരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | അടങ്കൽ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| തദ്ദേശസ്ഥാപനങ്ങൾക്കുള്ള പെർഫോമൻസ് ഗ്രാന്റ് | 1097.56 | 694.25 | 63 |
| പ്രോജക്ട് മാനേജ്മെന്റും കപ്പാസിറ്റി ബിൽഡിംഗും | 98.44 | 16.27 | 17 |
| ആകെ | 1196 | 710.52 | 59 |

(ഡി) പദ്ധതി പണം തീരെ ചെലവഴിക്കപ്പെടാതിരുന്ന സാഹചര്യം നിലവിലില്ല.

**മീഡിയ സിറ്റി ആരംഭിക്കുവാൻ പദ്ധതി**

11 (*701) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മീഡിയ സിറ്റി ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly